ചെറുവണ്ണൂർ ഗവൺമെൻറ് ഹൈസ്കൂളിന് പുതിയ കെട്ടിടം

1825 [2860] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗവൺമെൻറ് ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കേണ്ടതു സംബന്ധിച്ച് പ്രസ്തുത സ്കൂൾ പേരൻറ് ടീച്ചേഴ്സ് അസോസിയേഷൻ പ്രസിഡൻറ് 11-7-1986-ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അയച്ച നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

മുടങ്ങിക്കിടന്ന കെട്ടിടത്തിൻെറ പണി ത്വരിതപ്പെടുത്താൻ പൊതുമരാമത്തുവകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പണി പുനരാരംഭിച്ചതായി പൊതുമരാമത്തുവകുപ്പ് അറിയിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ "നവോദയ സ്കൂൾ"

1826 [2361] ശ്രീ. എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ "നവോദയ സ്കൂൾ" ആരംഭിക്കുന്നതിന് ഏതെങ്കിലും സ്ഥലം നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയാണെന്ന് വ്യക്തമാക്കുമോ:

(സി) "നവോദയ സ്കൂൾ" തുടങ്ങുന്നതിന് ഏതെല്ലാം സ്ഥലങ്ങളാണ് പരിശോധിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) വടകര താലൂക്കിൽ പാലയാട്, മണിയൂർ എന്നീ വില്ലേജുകളിലായി ചേർന്നുകിടക്കുന്ന 20 ഏക്കർ സ്ഥലം നവോദയ വിദ്യാലയം സ്ഥാപിക്കുന്നതിനായി കോഴിക്കോട് ജില്ലാ കലക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഒറവക്കുന്നിൻമേൽ; നിരപ്പം എന്നീ രണ്ടു സ്ഥലങ്ങളും വേറെ ചിലതും പൂണ്ടിക്കാണിച്ചിട്ടുണ്ട്.

(സി) ജില്ലാ കലക്ടർ നിർദ്ദേശിച്ച സ്ഥലം പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ എൻ. സി. ഇ. ആർ. ടി. യുടെ പ്രാദേശിക ഉപദേഷ്ടാവിനോടാവശ്യപ്പെട്ടിരിക്കുകയാണ്.

തെങ്കര യു. പി. സ്കൂൾ

1827 [2862] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മണ്ണാർക്കാട് എ.ഇ.ഒ. യുടെ കീഴിലുള്ള തെങ്കരയിലെ സ്കൂൾ യു. പി. സ്കൂളായി ഉയർത്തിയത് എന്നാണ്;

(ബി) യു. പി. സ്കൂളായി ഉയർത്തിയതിലേക്ക് പ്രസ്തുത സ്കൂളിലെ പി. ടി. എ. എന്തെല്ലാം സൗകര്യങ്ങൾ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly